(ഡി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികൾക്ക് ആവശ്യമായ സ്ഥലം കാലവിളംബം കൂടാതെ ലഭ്യമാക്കുന്നതിന് സ്ഥലം എം.എൽ.എ.-യുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെടുന്നു. ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിന് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് വകുപ്പ്തല ഏകോപനത്തിനായി കമ്മിറ്റികൾ രൂപീകരിക്കുന്നു. പദ്ധതിയുടെ പുരോഗതി സമയാസമയം വിലയിരുത്തി വീഴ്ചകൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിന് വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയുമാണ് കേരള വാട്ടർ അതോറിറ്റി സ്വീരിക്കുന്ന നടപടികൾ.

ജലനിധി പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ താഴെപ്പറയും പ്രകാരമാണ് :

24 മാസത്തെ കാലയളവിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. വ്യക്തമായ പദ്ധതി ആസൂത്രണ കലണ്ടറും ചട്ടങ്ങളും, സമയബന്ധിതമായ വിലയിരുത്തലുകൾ, ഉദ്യോഗസ്ഥതലത്തിലും പഞ്ചായത്ത് തലത്തിലും ഗുണഭോക്തൃതലത്തിലുമുള്ള കൂട്ടായ പ്രവർത്തനങ്ങൾ നടത്തുന്നു. ലോകബാങ്കിന്റെ 6 മാസം കൂടുമ്പോഴുള്ള വിശദമായ പരിശോധനകളും നടപടികൾ വിലയിരുത്തലുകളും നടത്തുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതിയിലെ റദ്ദ് ചെയ്ത കരാറുകൾ

126 (576) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയിലെ കരാറുകാർ നിശ്ചിത സമയത്തിനകം പണി പൂർത്തിയാക്കാത്തതുമൂലം ഇതുവരെ എത്ര കരാറുകൾ റദ്ദ് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഇത്തരം കരാറുകാർ നഷ്ടപരിഹാരം ലഭിക്കുന്നതിനായി സമർപ്പിച്ച കേസ്സുകളിൽ എത്ര കേസ്സുകൾ തീർപ്പായിട്ടുണ്ട് ;

(സി) സംസ്ഥാന സർക്കാർ ഈ ഇനത്തിൽ ഇതുവരെ എന്തുതുക നഷ്ടപരിഹാരമായി നൽകേണ്ടിവന്നു എന്നറിയിക്കുമോ ;

(ഡി) ഇനിയും ഇത്തരത്തിൽ എത്ര കേസ്സുകൾ തീർപ്പാക്കാനുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) ഇതുവരെ രണ്ട് കരാറുകൾ റദ്ദാക്കിയിട്ടുണ്ട്.

(ബി) കേസ്സുകളിൽ ഇതുവരെ തീർപ്പായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒന്നും നൽകിയിട്ടില്ല.

(ഡി) രണ്ട് കേസ്സുകളാണ് നിലവിലുള്ളത്.

തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതികളുടെ അവസ്ഥ

127 (577) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗിക കമ്മീഷണിംഗ് 18-5-2010-ന് നടന്നു. അന്നുമുതൽ പ്രതിദിനം 37 ദശലക്ഷം ലിറ്റർ ശുദ്ധജലം അധികമായി തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമായി വിതരണം ചെയ്തുവരുന്നു. സ്ഥാപിതശേഷിയായ 74 ദശലക്ഷം ലിറ്റർ പ്രതിദിനം വിതരണം നടത്തുന്നതിലേക്കുള്ള നടപടികൾ പുരോഗമിക്കുന്നു. 42 കി.മീ. നീളമുള്ള ട്രാൻസ്മിഷൻ മെയിനിന്റെ ജോലികൾ മിക്കവാറും പൂർത്തിയാക്കികഴിഞ്ഞു. അരിസ്റ്റോ ജംഗ്ഷൻ മുതൽ പാർത്ഥാസ് വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭിക്കാത്തതിനാൽ ഈ സെക്ട്രച്ചിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ല. സമയബന്ധിതമായി റോഡ് മുറിച്ച് പൈപ്പിടുന്നതിനുള്ള അനുവാദം ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭിക്കാത്തതാണ് പദ്ധതി പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ 11 ശുദ്ധജല സംഭരണികൾ വിവിധ സ്ഥലങ്ങളിലായി സ്ഥാപിക്കുന്നുണ്ട്. ഇവയിൽ നാല് എണ്ണം പൂർത്തിയായി, അഞ്ച് സംഭരണികളുടെ നിർമ്മാണ ജോലികൾ അവസാന ഘട്ടത്തിലാണ്. രണ്ട് സംഭരണികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) 31-7-2011-ൽ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടിവെള്ള പദ്ധതികൾ

128 (578) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2010-11 സാമ്പത്തിക വർഷത്തിൽ സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly